(ബി) 22 എണ്ണം ലേലത്തിൽ വിറ്റുപോയിട്ടുണ്ട്. 11 എണ്ണം മറ്റു ഡിപ്പാർട്ടുമെൻറുകളും 15 എണ്ണം എക്സൈസ് ഡിപ്പാർട്ടുമെൻറും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. 2 എണ്ണം ഭാഗികമായി പോലീസ് ഡിപ്പാർട്ടുമെൻറും എക്സൈസ് ഡിപ്പാർട്ടുമെൻറും കൂടി ഉപയോഗിച്ചു വരുന്നു. ഒരെണ്ണം ഒരു എക്സൈസ് ഗാർഡിനു ചില വ്യവസ്ഥകളിൽ നൽകിയിട്ടുണ്ട്.

(സി) 3.

(ഡി) ഉപയോഗശൂന്യമായ കെട്ടിടങ്ങളും ലേലം ചെയ്യുന്നതിനു വേണ്ട നടപടികളും എടുത്തു വരുന്നുണ്ട്.

കാപ്പിസ്റ്റന്മാർ.

* 1069. [76] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ. എസ്. എൽ. സി. പാസ്സാകുകയോ, ഈ. എസ്. എൽ. സി. തോൽക്കുകയോ ചെയ്തിട്ടുള്ള ആളുകളെ കാപ്പിസ്റ്റന്മാരായി ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അങ്ങിനെയുള്ളവരെ ക്ലാർക്കന്മാരായി പ്രമോട്ട ചെയ്യാൻ അനുവദിച്ചിട്ടുണ്ടോ;

(സി) മേൽ പറഞ്ഞ യോഗ്യതകളും മാത്രമുള്ള ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ കാപ്പിസ്റ്റുകളെ കൂടി ക്ലാർക്കന്മാരായി പ്രമോട്ട ചെയ്യുവാൻ അനുവദിക്കണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് ഗവണ്മെൻറ് എന്തു നടപടി നടത്തി; അതു സംബന്ധിച്ചു് ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൈക്കോടതിയുടെ ശുപാർശ എന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്. (ജൂഡീഷ്യൽ, കോവാപ്പറേഷൻ, റവന്യൂ എന്നീ ഡിപ്പാർട്ടുമെൻറുകളിൽ).

(സി) ഉണ്ടു്. ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്. ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ക്ലാർക്കന്മാർക്കു് പരീക്ഷായോഗ്യത ഈ. എസ്. എൽ. സി. ആയി തീരുമാനിച്ചതുകൊണ്ടു് ഇപ്പോൾ ഈ. എസ്. എൽ. സി. ഇല്ലാത്ത കാപ്പിസ്റ്റന്മാരെ ക്ലാർക്കന്മാരായി പ്രമോട്ട ചെയ്യാറില്ല. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ ഈ. എസ്. എൽ. സി. പാസ്സാകാത്തവരെ ക്ലാർക്കാക്കാൻ പാടില്ല.

STARRED QUESTIONS POSTED FOR ANSWER ON 25-11-1955

ലാറി ട്രാൻസ്പോർട്ട് സർവ്വീസ്.

* 1070. [19] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാറി ട്രാൻസ്പോർട്ടിംഗ് പെർമിറ്റ് നൽകുന്നതിനു് ഇന്നു ഗവണ്മെൻറ് കല്പിച്ചിട്ടുള്ള നിബന്ധനകൾ എവ;

LIBRARY ARCHIVES Kerala Legislative Assembly